പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1328 02.05.2017 -ൽ മറുപടിക്ക്

**ചരിത്ര പൈതൃക മ്യൂസിയമായി പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ**

ചോദ്യം

ശ്രീ. സി.കൃഷ്ണൻ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ ചരിത്ര-പൈതൃക മ്യൂസിയമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ ചരിത്ര-പൈതൃക മ്യൂസിയമാക്കി മാറ്റുന്നതിലേയ്ക്ക് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. തകർന്ന് കിടക്കുന്ന കെട്ടിടം പൂർവ്വസ്ഥിതിയിലാക്കി സംരക്ഷിക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് അവിടെ ചെയ്യാൻ ഉദ്ദേശിക്കുന്നത് ; | | |
| (സി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ഇല്ല. പുരാവസ്തു വകുപ്പാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ